31/01/22

...TCHED
14/02/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2658*(2)/2015*** *എസ്.ഐ.സി.*തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **18834**/*എസ്.ഐ.സി-ജി 6/2015*)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. സി.കെ. വേണുഗോപാലൻ,
അഞ്ജലി,
മുണ്ടല്ലൂർ (പി.ഒ), കണ്ണൂർ – 670 622.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി,
കൂത്തുപറമ്പ്, കണ്ണൂർ.

2. അപ്പീൽ അധികാരി & ശിരസ്തദാർ,
ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി,
തലശ്ശേരി.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 09/07/2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 04/08/2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 19/08/2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 16/09/2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 09/12/2015 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 14/12/2015 |
| ഹിയറിംഗ് നടന്ന തീയതി | 07.01.2022 – ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹരജിക്കാരനായ ശ്രീ. സി.കെ. വേണുഗോപാലൻ, 09/12/2015 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 14/12/2015 തീയതിയിൽ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 2658(7)/2015/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും, ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 09/07/2015 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1. ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ജൂനിയർ സൂപ്രണ്ടായി ജോലി ചെയ്യുന്ന ശ്രീ. കെ.വി. ജോർജ്ജ് എന്നവർ യു.ഡി.ക്ലാർക്ക്(ഹയർ ഗ്രേഡ്)-ൽ നിന്നും ബെഞ്ച് ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ചപ്പോൾ തലശ്ശേരി സി.ജെ.എം കോടതിയിൽ നിന്നോ എ.സി.ജെ.എം കോടതിയിൽ നിന്നോ ബെഞ്ച് ക്ലാർക്ക് തസ്തികയിൽ ശമ്പള നിർണ്ണയം നടത്തിയിട്ടുണ്ടോ എന്നും
2. ഉണ്ടെങ്കിൽ ശമ്പള നിർണ്ണയം നടത്തിയ ഫിക്സേഷൻ സ്റ്റേറ്റ്മെന്റിന്റെ കോപ്പിയും ആയത് രേഖപ്പെടുത്തിയ സർവീസ് രജിസ്റ്ററിലെ പ്രസക്ത ഭാഗത്തിന്റെ കോപ്പിയും
3. ശ്രീ. കെ.വി. ജോർജ്ജ് സ്ഥാനകയറ്റം ലഭിച്ച് ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിയമനം ലഭിച്ചപ്പോൾ മേൽ തസ്തികയിൽ ശമ്പള നിർണയം നടത്തിയിട്ടുണ്ടോ എന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിൻമേൽ ഒന്നാം എതിർകക്ഷി 04/08/2015-ന് ഹർജിക്കാരന്റെ മറുപടിയിൽ പ്രസ്താവിച്ചിട്ടുള്ളത് ടിയാന്റെ ചോദ്യങ്ങളിലെ വിഷയം, വിവരാവകാശ നിയമത്തിലെ 8(1)(ഇ),(ജെ) വകുപ്പുകളുടെ വെളിച്ചത്തിൽ തികച്ചും വ്യക്തിപരമായ വിവരം ആകയാൽ ആയതിന്റെ ഉത്തരം നൽകാൻ നിർവ്വാഹമില്ലെന്നും, മാത്രമല്ല അപേക്ഷകന് അപേക്ഷയിൽ ഉന്നയിച്ചിരിക്കുന്ന വിഷയങ്ങളിൽ വിശാലമായ പൊതു താൽപ്പര്യം ഉള്ളതായി ബോധിപ്പിച്ചിട്ടില്ലെന്നും ആയതിനാൽ അപേക്ഷയിലെ 1 മുതൽ 6 വരെ ചോദ്യങ്ങൾക്കുള്ള ഉത്തരം നൽകാൻ നിർവ്വാഹമില്ലെന്നുമാണ്.

4. 19/08/2015 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ ഒരു അപ്പീൽ ഹർജി സമർപ്പിച്ചിട്ടുണ്ട്. മേൽപ്പടി അപ്പീൽ ഹർജിക്ക് 16/09/2015-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 07/01/2016 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമ പ്രകാരം കോടതിയിലെ രണ്ട് ജീവനക്കാരുടെ വിവിധ തസ്തികയിലുളള ശമ്പള നിർണയവും അതുപോലെ സർവീസ് ബുക്കിൽ അവ രേഖപ്പെടുത്തിയതിന്റെ കോപ്പിയും ആണ് വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടതെന്നും തികച്ചും രണ്ട് വ്യക്തികളുടെ വ്യക്തിപരമായ വിവരങ്ങളാണ് ആവശ്യപ്പെട്ടതെന്നും അതിൽ വിശാല താൽപ്പര്യമെന്താണെന്ന് വ്യക്തമാക്കാൻ ഹർജിക്കാരന് സാധിച്ചിട്ടില്ലെന്നും സർവീസ് ബുക്കിൽ പല വ്യക്തിപരമായ കാര്യങ്ങളും ഉളൾക്കൊളളുന്നതാണെന്നും, കൂടാതെ ശമ്പള നിർണയം നടത്തുന്നത് സർക്കാർ ഉത്തരവുകളുടെ വെളിച്ചത്തിലാണെന്നും ആയത് എല്ലാ സർക്കാർ ജീവനക്കാർക്കും അതുപോലെ പെൻഷൻക്കാർക്കും ഒരുപോലെ ബാധകമാണെന്നും ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബഹു. കേരളാ ഹൈക്കോടതിയിലെ WP(C) No.22057/15 കേസ്സിൽ ഹർജിക്കാരനും കൂടാതെ ശ്രീമതി. കെ. നളിനി, ശ്രീമതി. പി. സി. പത്മലത(രണ്ടുപേരും കണ്ണൂർ ജില്ലാ ക്രിമിനൽ കോടതിയിൽ നിന്നും റിട്ടയർ ചെയ്തവരാണ്) കക്ഷികളാണെന്ന് ബോധ്യപ്പെടുത്തിയിട്ടുണ്ടെന്നും അല്ലാതെ പ്രസ്തുത കേസ്സ് പൊതു താൽപ്പര്യ ഹർജിയാണെന്ന് വ്യക്തമാക്കിയതായി കാണുന്നില്ലെന്നും മറ്റു കക്ഷികൾ ആരും തന്നെ വിവരങ്ങൾ ഒന്നും ആവശ്യപ്പെട്ടിട്ടില്ലെന്നും കൂടാതെ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടതായ വിവരങ്ങൾ കേരളാ ഹൈക്കോടതിയിൽ കേസ് ആവശ്യാർത്ഥം ഹാജരാക്കാൻ വേണ്ടിയാണെന്നും, കോടതിയുടെ പരിഗണനയിലുളള തർക്ക വിഷയമായതിനാൽ ബന്ധപ്പെട്ട രേഖകൾ കോടതിയുടെ അറിവോ സമ്മതമോ കൂടാതെ ഹർജിക്കാരന് നൽകാൻ അപ്പീൽ അധികാരിക്ക് അധികാരമുണ്ടോ എന്ന് സംശയമുളളതിനാലും കോടതി അലക്ഷ്യ നടപടിയാകാൻ ഇടവരാൻ ഇടയുളളതായും അപ്പീൽ അധികാരി സംശയിക്കുന്നുവെന്നും, കൂടാതെ ബന്ധപ്പെട്ട രേഖകൾ എല്ലാം തന്നെ കേസ് ആവശ്യാർത്ഥം കോടതിക്ക് ഏത് സമയത്ത് എപ്പോൾ വേണമെങ്കിലും ആവശ്യപ്പെടാനും ആയത് പരിശോധിക്കാനും തീർപ്പ് കൽപ്പിക്കാനും അധികാരം ഉണ്ടെന്നിരിക്കെ അപ്പീൽ അധികാരി വിവരങ്ങൾ നൽകാൻ ഭയക്കുന്നു എന്ന ഹർജിക്കാരന്റെ വാദം തെറ്റാണെന്നും, ടിയാൻ ആവശ്യപ്പെട്ടതായ വിവരങ്ങൾ നിയമപരമായി നൽകാവുന്നതാണെങ്കിൽ ആയത് നൽകാൻ ഉത്തരവ് ഉണ്ടാകുന്നതിൽ അപ്പീൽ അധികാരിക്ക് യാതൊരു ആക്ഷേപവും ഇല്ലെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും, എതിർകക്ഷിയെ കേട്ടതിലും, 20/01/2022-ലെ രണ്ടാം എതിർകക്ഷി കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടും അതോടൊപ്പം ഹാജരാക്കിയ മറുപടിയും കമ്മീഷൻ അംഗീകരിച്ച് കൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ജനുവരി 31-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

AV